**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4037 12.11.2019-ലെ മറുപടിക്ക്**

## ട്രഷറി ക്യൂവിലേക്ക് മാറ്റി വച്ച തുക

**ചോദ്യം**

**ശ്രീ.സണ്ണി ജോസഫ്**

**മറുപടി**

**ഡോ. ടി.എം. തോമസ് ഐസക്**

**ധനകാര്യവും കയറും വകുപ്പുമന്ത്രി**

<table>
<tr><td>(എ)</td><td>2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളുടെ അവസാനം വിവിധ വകുപ്പുകളുടെ ഫണ്ടിൽ നിന്നും ട്രഷറി ക്യൂവിലേക്കും ഇ-ലെഡ്ജറിലേക്കും മാറ്റിവച്ച തുക എത്രയാണെന്ന് വിശദമാക്കുമോ;</td><td rowspan="2">2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളുടെ അവസാനം യഥാക്രമം 85.83 കോടി, 1351.27 കോടി, 1863.76 കോടി രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നു. ഇപ്രകാരമുള്ള ബില്ലുകളിൽ സർക്കാർ നിഷ്കർഷിച്ചിരുന്ന നടപടി ക്രമം പാലിച്ച് ട്രഷറികളിൽ സമർപ്പിച്ച 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ ബില്ലുകളെല്ലാം പാസാക്കി നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകളിൽ നടപ്പ സാമ്പത്തിക വർഷം 05/11/2019 വരെ 1420.17 കോടി രൂപയുടെ ബില്ലുകൾ പാസാക്കി നൽകിയിട്ടുണ്ട്.<br>2016-17, 2017-18, 2018-19 എന്നീ സാമ്പത്തികവർഷങ്ങളിൽ ഇ-ലെഡ്ജറിലേയ്ക്ക് യഥാക്രമം 834.22 കോടി, 749.47 കോടി, 994.60 കോടി രൂപ മാറ്റിയിരുന്നു. ടി തുകകളിൽ യഥാക്രമം 412.63 കോടി, 244.79 കോടി, 393.94 കോടി രൂപ അടുത്ത സാമ്പത്തിക വർഷം മാറി നൽകുന്നതിന് അനുമതി നൽകിയിരുന്നു.</td></tr>
<tr><td>(ബി)</td><td>ഇപ്രകാരം മാറ്റിവച്ച തുകയിൽ നിന്ന് എത്ര തുകയാണ് ബന്ധപ്പെട്ട വകുപ്പുകൾക്ക് അടുത്ത സാമ്പത്തിക വർഷം മാറ്റി നൽകിയതെന്ന് അറിയിക്കാമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**